<u>44-) മത് അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം</u>

<u>ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ ചിറ്റൂർ</u>

2024 ജനുവരി 4,5,6 തീയതികളിൽ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ചിറ്റൂരിൽ വച്ച് നടക്കുന്ന 44-)മത് സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 2023 ഡിസംബർ 1 ന് ആരംഭിക്കുന്നതാണ്. https://www.akthsmela.in എന്ന വെബ്സൈറ്റിൽ യൂസർനെയിം സ്കൂൾ കോഡും പാസ്സ്‌വേർഡ് admin123 എന്നും കൊടുത്ത് തുറന്നശേഷം പാസ്സ്‌വേർഡ് മാറ്റാവുന്നതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന ദിവസം <u>2023 ഡിസംബർ 20 വൈകുന്നേരം 5 മണി</u> വരെ.

<u>നിർദ്ദേശങ്ങൾ</u>

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാന ടെക്നിക്കൽ സ്കൂൾ കലോത്സവ മാനുവൽ പ്രകാരമായിരിക്കും മത്സരങ്ങൾ നടക്കുന്നത്. മാനുവൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ മത്സരാർത്ഥികളും പ്രതിനിധികളും ബാധ്യസ്ഥരാണ്.
2. ഒരു മത്സരാർത്ഥി പരമാവധി മൂന്ന് വ്യക്തിഗത ഇനത്തിലും രണ്ട് ഗ്രൂപ്പ്/പിന്നണി ഇനത്തിലും മാത്രമേ മത്സരിക്കാവൂ. (പരമാവധി അഞ്ച് ഇനങ്ങൾ മാത്രം)
3. ഒരു സ്കൂളിൽ നിന്ന് പരമാവധി 30 മത്സരാർത്ഥികൾക്കും 3 എസ്കോർട്ടിംഗ് സ്റ്റാഫിനും മാത്രമേ പങ്കെടുക്കുവാൻ അനുവാദമുള്ളൂ. പെൺകുട്ടികൾ ഉണ്ടെങ്കിൽ ഒരു വനിതാ അധ്യാപിക നിർബന്ധമായും ഉണ്ടായിരിക്കണം.
4. സ്കൂളിൽ നിന്നും എൻട്രി ചെയ്യുന്ന ഡാറ്റ പ്രകാരമാണ് കുട്ടികളുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ആവുന്നത്. കുട്ടിയുടെ അഡ്മിഷൻ നമ്പർ, പേര്, ഇനീഷ്യൽ എന്നിവയും കുട്ടി പങ്കെടുക്കുന്ന മത്സര ഇനങ്ങളും കൃത്യമാണെന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുക. പിന്നീടുള്ള തിരുത്തലുകൾ അനുവദനീയമല്ല.
5. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയുടെ സൈസ് 120 pixel width X 160 pixel height ൽ ഉള്ളതും 30 kb യിൽ താഴെയും jpg format ലും ഉള്ള കളർ ഫോട്ടോ ആയിരിക്കണം. JRC, NSS, SPC തുടങ്ങിയ പ്രോഗ്രാമുകളുടെ യൂണിഫോം ധരിച്ചുകൊണ്ടുള്ള ഫോട്ടോ അപ്‌ലോഡ് ചെയ്യുവാൻ പാടുള്ളതല്ല.
6. ഓൺലൈൻ രജിസ്ട്രേഷനിൽ ലോഗ് ഇൻ ചെയ്യുമ്പോൾ കാണിക്കുന്ന സ്കൂളിന്റെ അടിസ്ഥാന വിവരങ്ങളും ആകെ കുട്ടികളുടെ എണ്ണത്തിലും തെറ്റുകൾ ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. ഗ്രൂപ്പിനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ അതത് ഗ്രൂപ്പ് മത്സരങ്ങളിൽ ആദ്യമായി രജിസ്റ്റർ ചെയ്യപ്പെടുന്ന കുട്ടിയായിരിക്കും ഗ്രൂപ്പ് ക്യാപ്റ്റൻ ആവുക. അതുകൊണ്ടു തന്നെ ഏതെങ്കിലും ഒരു ഗ്രൂപ്പ് ഐറ്റത്തിൽ ആദ്യമായി രജിസ്റ്റർ ചെയ്യപ്പെടുന്ന മത്സരാർത്ഥി ആ ഗ്രൂപ്പിൻറെ ക്യാപ്റ്റൻ തന്നെയായിരിക്കണം.

8. മത്സരത്തിൽ പങ്കെടുക്കേണ്ട എല്ലാ കുട്ടികളും രജിസ്റ്റർ ചെയ്തശേഷം ശരിയാണെന്ന് ഉറപ്പുവരുത്തി Confirm ക്ലിക്ക് ചെയ്യുക. ഒരിക്കൽ Confirm ചെയ്തു കഴിഞ്ഞാൽ പിന്നീട് പുതിയ പേരുകൾ കൂട്ടിച്ചേർക്കുവാനോ ചെയ്തവ എഡിറ്റ് ചെയ്യുവാനോ സാധ്യമല്ല. ശേഷം Create Report ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പി.ഡി.എഫ് രൂപത്തിലുള്ള എൻട്രി ഫോമിന്റെ പകർപ്പ് സ്ഥാപനമേധാവിയുടെ ഒപ്പും സീലും പതിച്ച് സ്കാൻ ചെയ്ത് akthsarts2024@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്. ഹാർഡ് കോപ്പി സ്പോട്ട് രജിസ്ട്രേഷൻ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്.

<u>കൂടുതൽ വിവരങ്ങൾക്ക്</u>

1. സുബിൻ എൻ ജി, ജോയിന്റ് കൺവീനർ, രജിസ്ട്രേഷൻ കമ്മിറ്റി, ഫോൺ : 9446723220

2. ശ്രീകുമാർ ജെ, ജോയിന്റ് കൺവീനർ, പ്രോഗ്രാം കമ്മിറ്റി, ഫോൺ നമ്പർ : 9846155654

ജനറൽ കൺവീനർ